അനുബന്ധം

അനുബന്ധം I

നക്ഷത്രചിഹ്നമിട്ട 14-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

മുൻഗണന ഗുണഭോക്താക്കളുടെ കോട്ട പുനർനിർണ്ണയം

(*14) ശ്രീ. ഒ. ആർ. കേളു:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അശാസ്ത്രീയമായി മുൻഗണന ഗുണഭോക്താക്കളുടെ എണ്ണം നിജപ്പെടുത്തിയത് അർഹതപ്പെട്ട അനവധി പേർക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യം ലഭിക്കാതെ പോകുന്നതിനും സൗജന്യ ചികിത്സ നിഷേധിക്കപ്പെടുന്നതിനും ഇടയാക്കിയിട്ടുണ്ടെന്നതിനാൽ മുൻഗണന ഗുണഭോക്താക്കളുടെ കോട്ട ശാസ്ത്രീയമായി പുനർനിർണ്ണയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്ന മുൻഗണനാ പട്ടികയിലുൾപ്പെടുത്താവുന്ന അംഗങ്ങളുടെ പരിധി 15,48,00,40 ആണ്. സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ 52.63 ശതമാനവും നഗര പ്രദേശങ്ങളിൽ 39.5 ശതമാനവും ജനങ്ങളെയാണ് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്താൻ കഴിയുന്നത്. ഇപ്രകാരം അംഗങ്ങളുടെ പരിധി നിശ്ചയിച്ചതിനാൽ അർഹരായ എല്ലാ കുടുംബങ്ങളെയും മുൻഗണനാ പട്ടികയിലുൾപ്പെടുത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർദ്ധിപ്പിച്ചുനൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല പ്രതികരണമുണ്ടായിട്ടില്ല. 18-9-2017-ലെ സർക്കാർ ഉത്തരവ് (സാധാ) 320/2017/ഭ.പൊ.വി.വ. പ്രകാരം മുൻഗണനാ മാനദണ്ഡങ്ങൾ പരിഷ്കരിച്ചിരുന്നു. ഗുരുതരമായ ശാരീരിക/മാനസിക പ്രശ്നമുള്ള അംഗങ്ങളുൾപ്പെട്ട കുടുംബങ്ങളെ പ്രത്യേക പരിഗണന നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുപുറമേ ഒഴിവാക്കൽ മാനദണ്ഡങ്ങളിലുൾപ്പെടുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടെങ്കിൽ പ്രത്യേകമായി പരിശോധിച്ച് ടി കുടുംബങ്ങളെ മുൻഗണനാ പട്ടികയിലുൾപ്പെടുത്താൻ 27-10-2020-ലെ സ.ഉ.

LIBRARY ARCHIVES Kerala Legislative Assembly

(സാധാ)നം.319/2020/ഭ.പൊ.വി.വ. പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയശേഷം 6.67 ലക്ഷം അനർഹമായ മുൻഗണനാ റേഷൻ കാർഡുകൾ നാളിതുവരെ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് അനർഹമായി മുൻഗണന റേഷൻ കാർഡുകൾ കൈവശപ്പെടുത്തിയിട്ടുള്ളവരെ കണ്ടെത്തി മുൻഗണനാ ലിസ്റ്റിൽനിന്ന് ഒഴിവാക്കാൻ സ്വീകരിച്ച നടപടിയുടെ പുരോഗതി അറിയിക്കാമോ;

(സി) 2021 നവംബറിന് മുമ്പായി ഒരു ലക്ഷം മുൻഗണനാ കാർഡുകൾ നൽകാൻ പദ്ധതിയുണ്ടോ; നിലവിൽ തീർപ്പാക്കാനുള്ള അപേക്ഷകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ; അനർഹരെ കണ്ടെത്താൻ റേഷനിംഗ് ഇൻസ്പെക്ടർമാർ നടത്തുന്ന പരിശോധന കാര്യക്ഷമമാക്കാൻ വേണ്ട ഇടപെടലുണ്ടാകുമോ എന്ന് വ്യക്തമാക്കാമോ?

(ബി & സി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗങ്ങളായ എ.എ.വൈ. ഗ്രണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള കേന്ദ്ര മാനദണ്ഡങ്ങളും പി.എച്ച്.എച്ച്. ഗ്രണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സംസ്ഥാന മാനദണ്ഡങ്ങളും പ്രകാരമുള്ള പരിശോധനകൾ നടത്തി ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരെ കണ്ടെത്തി ഒഴിവാക്കിവരുന്നു. അനർഹമായി കൈവശം വച്ചിരുന്ന മുൻഗണനാ കാർഡുകൾ സ്വമേധയാ തിരിച്ചേൽപ്പിക്കുന്നതിന് സർക്കാർ അവസരം നൽകിയിരുന്നു. ഇത്തരത്തിൽ മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിക്കുന്നവരെ പിഴ, മറ്റ് ശിക്ഷാ നടപടികൾ എന്നിവയിൽനിന്നും ഒഴിവാക്കിയിരുന്നു. ഈ സൗകര്യമുപയോഗിച്ച് 11587 എ.എ.വൈ. കാർഡുകൾ, 74,624 പി.എച്ച്.എച്ച്. കാർഡുകൾ, 55974 എൻ.പി.എസ്. കാർഡുകൾ എന്നിങ്ങനെ ആകെ 1,42,187 കാർഡുകളാണ് തിരിച്ചേൽപ്പിക്കപ്പെട്ടത്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെ ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻ കാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കി അനർഹരെ ഒഴിവാക്കുന്നുണ്ട്. റേഷൻ ഭക്ഷ്യധാന്യങ്ങൾ ആവശ്യമില്ലാത്ത കാർഡുടമകൾക്ക് അവരുടെ റേഷൻ വിഹിതം ആറ് മാസക്കാലയളവിലേയ്ക്ക് ഉപേക്ഷിക്കാവുന്ന Give-UP പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ളവരിൽ എ.എ.വൈ./മുൻഗണനാ വിഭാഗത്തിൽപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

കാർഡുടമകളാണെങ്കിൽ ടി കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളും തുടർന്നുവരുന്നു. അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വച്ചിരിക്കുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് സർക്കാരിനെ അറിയിക്കുന്നതിലേയ്ക്കായി 9495998223 എന്ന ഫോൺ നമ്പർ പരസ്യപ്പെടുത്തുകയും പരാതി നൽകുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരം രഹസ്യമായി സൂക്ഷിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഫോണിലൂടെയും വാട്സ്ആപ്പിലൂടെയും 519 പരാതികൾ ലഭ്യമാകുകയും അവയിൽ അർഹതയില്ലായെന്ന് കണ്ടെത്തിയ 232 കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. സ്വമേധയാ സറണ്ടർ ചെയ്യുന്നതും പരിശോധനയിലൂടെ കണ്ടെത്തിയതുമായ ഒഴിവുകളും ഉൾപ്പെടെ എ.എ.വൈ. വിഭാഗത്തിൽ 13,000-ഉം പി.എച്ച്.എച്ച്. വിഭാഗത്തിൽ 1,32,000 ഒഴിവുകളുമുണ്ടായി. 31-7-2021 വരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് മേൽപ്പറഞ്ഞ ഒഴിവുകളിൽനിന്ന് 12,596 കുടുംബങ്ങളെ എ.എ.വൈ. വിഭാഗത്തിലേയ്ക്കും 1,19,866 കുടുംബങ്ങളെ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്കും മാറ്റിയിട്ടുണ്ട്. 1-8-2021 മുതൽ 43635 അപേക്ഷകളാണ് താലൂക്കുതലത്തിൽ മുൻഗണനയിലേയ്ക്ക് മാറ്റുന്നതിനായി ലഭ്യമായിട്ടുള്ളത്. അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. എ.എ.വൈ. കാർഡുകളുടെ സംസ്ഥാനതല വിതരണം ആഗസ്റ്റ് 6-നും പി.എച്ച്.എച്ച്. കാർഡുകളുടെ സംസ്ഥാനതല വിതരണം സെപ്റ്റംബർ 28-നും നടത്തിയിട്ടുണ്ട്. താലൂക്കടിസ്ഥാനത്തിലുള്ള വിതരണം സെപ്റ്റംബർ 30, ഒക്ടോബർ 1, 2, 3 തീയതികളിലായി നടന്നു. ശേഷിക്കുന്നവ ഒക്ടോബർ 15-ാം തീയതിയോടെ പൂർത്തിയാക്കും. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടരുന്നതാണ്. റേഷനിംഗ് ഇൻസ്പെക്ടർമാർ അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.-കളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുന്നു. ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly